# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2140 — 17.02.2016 ൽ മറുപടിയ്ക്ക്

## കൊട്ടാരക്കര മണ്ഡലത്തിലെ വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് മുഖേന കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ വിവിധ സംസ്ഥാന പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 സംഘങ്ങൾക്ക് 234.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ലഭ്യമാക്കുമോ; | (ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുബന്ധത്തിൽ പറയുംവിധം തുക അനുവദിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുടെ വിശദാംശങ്ങളും ആയതിന് വകയിരുത്തിയ തുകയും വെളിപ്പെടുത്തുമോ? | (സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ വിവിധ സംസ്ഥാന/എൻ.സി.ഡി.സി. പദ്ധതികൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

(തുക ലക്ഷത്തിൽ)

| നം. | പദ്ധതി | തുക | സംഘങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ഫാർമേഴ്സ് സർവീസ് സെന്ററിനുള്ള ധനസഹായം (സംസ്ഥാന പദ്ധതി) | 70.00 | 2 |
| 2 | ഫാർമേഴ്സ് സർവീസ് സെന്ററിനുള്ള ധനസഹായം (എൻ.സി.ഡി.സി. പദ്ധതി) | 29.00 | 4 |
| 3 | പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം | 8.00 | 8 |
| 4 | നീതി സ്റ്റോറുകൾക്കുള്ള ധനസഹായം | 2.25 | 9 |
| 5 | എസ്.സി./എസ്.റ്റി സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള ധനസഹായം | 9.00 | 3 |
| 6 | എസ്.സി./എസ്.റ്റി സംഘങ്ങൾക്ക് (മാനേജീരിയൽ സബ്സിഡി) ധനസഹായം | 4.56 | 8 |
| 7 | വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന സഹായം | 3.50 | 2 |
| 8 | ദുർബല മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 20.00 | 1 |
| 9 | എസ്.സി./എസ്.റ്റി സംഘങ്ങൾക്ക് (കെട്ടിട നിർമ്മാണം) ധനസഹായം | 6.00 | 2 |
| 10 | ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 19.70 | 2 |
| 11 | സ്കൂൾ സഹകരണ സംഘങ്ങൾക്ക് ഫർണിച്ചർ സബ്സിഡി ധനസഹായം | 1.11 | 5 |
| 12 | ഹൗസിംഗ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1.00 | 1 |
| 13 | ദുർബല പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 20.00 | 1 |
| 14 | ആശുപത്രികൾക്കുള്ള മെഡിക്കൽ ലാബ് തുടങ്ങുന്നതിനുള്ള ധനസഹായം | 40.00 | 1 |
| 15 | എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം | 0.50 | 1 |
| | | **234.62** | **50** |